**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1378** **30-08-2022 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശന നടപടികൾ പരാതികളില്ലാത്തവിധം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ വിശദമാക്കാമോ; | (എ) | പ്ലസ് വൺ പ്രവേശന നടപടികൾ പരാതികളില്ലാത്ത വിധം പൂർത്തീകരിക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട് -<br><br>സ.ഉ(കൈ) നം.119/2022/പൊ.വി.വ തീയതി 07.07.2022 പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ, സ.ഉ(കൈ) നം.118/2022/പൊ.വി.വ തീയതി 07.07.2022 പ്രകാരം 2021-22 അദ്ധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും അതേപടി ഈ വർഷവും തുടരുവാനും അതോടൊപ്പം കണ്ണൂർ പരിയാരം കെ.കെ.എൻ സ്മാരക സ്കൂളിൽ രണ്ട് ബാച്ചുകൾ ഈ അദ്ധ്യയന വർഷത്തേയ്ക്ക് മാത്രം താത്ക്കാലികമായും അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്ലസ് വൺ പ്രവേശന സമയത്ത് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന് പകരം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് മതിയാകുമെന്ന് തീരുമാനമെടുത്തിരുന്നോ; വിശദമാക്കാമോ; | (ബി) | സാമുദായിക സംവരണം പരിശോധിക്കുന്നതിന് എസ്.എസ്.എൽ.സി ബുക്കിലെ സമുദായ വിവരങ്ങൾ മതി. എന്നാൽ എസ്.എസ്.എൽ.സി ബുക്കിൽ നിന്നും വിഭിന്നമായ സാമുദായിക വിവരമാണ് സംവരണ വിഭാഗക്കാർ അപേക്ഷയിൽ |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുള്ളതെങ്കിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം. |
| (സി) | അർഹതപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും പ്ലസ് വൺ പ്രവേശനം നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (സി) | സ.ഉ(കൈ) നം.119/2022/പൊ.വി.വ തീയതി 07.07.2022 പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അതുപോലെതന്നെ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ സ.ഉ(കൈ) നം.118/2022/പൊ.വി.വ തീയതി 07.07.2022 പ്രകാരം 2021-22 അദ്ധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും അതേപടി ഈ വർഷവും തുടരുവാനും അതിനോടൊപ്പം കണ്ണൂർ പരിയാരം കെ.കെ.എൻ സ്മാരക സ്കൂളിൽ 2 ബാച്ചുകൾ ഈ അദ്ധ്യയന വർഷത്തേയ്ക്ക് മാത്രം അനുവദിച്ചിട്ടുള്ളതിനാലും ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് പ്രവേശനം സാധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ